| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പന്ത്രണ്ടാം സമ്മേളനം | | | |
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 299* | | 12.12.2014-ൽ മറുപടിക്ക് | |
| കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിന് ട്രാക്കിംഗ് സംവിധാനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്ന കാര്യത്തിൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ Women and Child Development മന്ത്രാലയം, കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി Track Child എന്ന പേരിൽ ഒരു പുതിയ വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഇതിൽ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കാണാതാകുന്ന കുട്ടികളെ കുറിച്ചുള്ള വിശദ വിവരങ്ങൾ അതാതു പോലീസ് സ്റ്റേഷനുകളിൽ നിന്നും ഫോട്ടോ സഹിതം അപ്‌ലോഡ് ചെയ്യുന്നതാണ്. ഇതിൽ പോലീസ് സ്റ്റേഷനിലേയ്ക്ക് മാത്രമല്ല പൊതുജനങ്ങൾക്കും കുട്ടികളുടെ കാണാതാകലിനെ കുറിച്ച് രേഖപ്പെടുത്താവുന്നതാണ്. കേരളത്തിലും ഈ സംവിധാനം വളരെ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിന് Track the missing Child.gov.in എന്ന വെബ്സൈറ്റ് നിലവിൽ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിൻ കീഴിൽ വരുന്ന എല്ലാ ചിൽഡ്രൻസ് ഹോമുകളിലും ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ആയത് പ്രകാരം കുട്ടികളുടെ വിവരങ്ങൾ ട്രാക്ക് ചൈൽഡ് വെബ്പോർട്ടലിൽ രേഖപ്പെടുത്തി വരുന്നു. |
| (ബി) | കുട്ടികൾ വീടുവിട്ടു പോകുന്നതിനിടയാക്കുന്ന സാഹചര്യങ്ങളെ സംബന്ധിച്ച് പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് ലഭിച്ച വിവരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ